# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അനധികൃതനിർമ്മാണം - കെട്ടിടനിർമ്മാണ ചട്ടങ്ങളും, നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(എം.എസ്)നം.351/2015/തസ്വഭവ          തിരുവനന്തപുരം,തീയതി:09.12.2015

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. 04.06.2012 ലെ ജി.ഒ.(എം.എസ്)നം.149/2012/തസ്വഭവ.
2. 04.08.2012 ലെ ജി.ഒ.(എം.എസ്)നം.211/2012/തസ്വഭവ.

## ഉത്തരവ്

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്നതും 04.06.2012 വരെ നിർമ്മാണം പൂർണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235(എഎ), 235(ഡബ്ല്യു), കേരള മുൻസിപ്പാലിറ്റി ആക്ട് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താൽക്കാലിക റസിഡൻൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ പരാമർശം ഒന്നും രണ്ടും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിലെ ആനുകൂല്യം 04.06.2012 ന് ശേഷം നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിനു ലഭിച്ചിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവുകൾ പ്രകാരം നൽകിയിരുന്ന ആനുകൂല്യം 04.06.2012 ന് ശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് കൂടി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ബി.മധു**

ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ ഉത്തരവിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ ഉത്തരവിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).

(തുടർച്ച......2)

3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തദ്ദേശസ്വയംഭരണ വകുപ്പ്.
5. എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
6. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
7. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും.
9. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695 581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്).
11. റവന്യൂ വകുപ്പ്
12. ഊർജ്ജ വകുപ്പ്
13. ഭക്ഷ്യ പൊതുവിതരണ വകുപ്പ്.
14. ജലവിഭവ വകുപ്പ്
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
6. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
7. തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ